9934
29/4/17

കേരള സർക്കാർ

## സംഗ്രഹം

വനം-വന്യജീവി വകുപ്പ്-മൂന്നാർ ഡിവിഷൻ ദേവികുളം റേഞ്ച് ഒ.ആർ.81/09 പാലാർ ഭാഗത്ത് റിസർവ്വ് വനത്തിൽ നിന്നും യൂക്കാലിപ്റ്റസ് മരങ്ങൾ വെട്ടിക്കടത്തിയതുമായി ബന്ധപ്പെട്ട് ശ്രീ.എ.പി.തങ്കച്ചൻ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ (റിട്ട) സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം.147/2017/വനം തീയതി, തിരുവനന്തപുരം, 15.04.2017

പരാമർശം: 1) 08.09.2010 ലെ മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ എം9-7403/04 നമ്പർ നടപടി ഉത്തരവ്

2) 30.11.2015 ലെ കോട്ടയം എച്ച് ആർ സി ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ സി3-1734/2011 നമ്പർ നടപടി ഉത്തരവ്

3) 27.01.2016 ൽ ശ്രീ.എ.പി.തങ്കച്ചൻ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ (റിട്ട) സമർപ്പിച്ച പുന:പരിശോധനാ ഹർജി

4) 21.05.2016 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം) റുടെ ബി8-29255/2009 നമ്പർ കത്ത്

5) 05.03.2017 ലെ സ.ഉ.(സാധാ) നം.80/2017/വനം നമ്പർ ഉത്തരവ്

## ഉത്തരവ്

മൂന്നാർ ഡിവിഷനിൽ ദേവികുളം റെയിഞ്ചിൽ അരുവിക്കാട് സെക്ഷൻ പരിധിയിൽ പാലാർ ചെക്ക്പോസ്റ്റ് ഭാഗത്ത് ഷോലവനത്തോട് ചേർന്ന് നിന്നിരുന്ന 220 സെ.മീ വണ്ണമുള്ള യൂക്കാലി മരങ്ങൾ മുറിച്ച് നീക്കം ചെയ്യുന്നതിന് കൂട്ടുനിന്നതിന് ഫോറസ്റ്റ് ഗാർഡുമാരായ സർവ്വശ്രീ.എ.പി.തങ്കച്ചൻ, എ.വി.മജീദ്, പി.വിജയകുമാർ എന്നിവരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും കുറ്റപത്രവും കുറ്റാരോപണ പത്രികയും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തലത്തിൽ നൽകി ടിയാന്മാരെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കുകയും ചെയ്തു.

2) കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദപത്രിക തൃപ്തികരമല്ലാത്തതിനാലും കേസിൽ ഉൾപ്പെട്ട വാഹനവും 4 പ്രതികളെയും കണ്ടെത്തി കോടതിയിൽ ഹാജരാക്കിയെങ്കിലും ബാക്കി 3 പ്രതികളെ കസ്റ്റഡിയിൽ എടുക്കുന്നതിലും തൊണ്ടി സാധനങ്ങൾ കണ്ടെടുക്കുന്നതിലും കുറ്റാരോപിതരായ ഉദ്യോഗസ്ഥർ പരാജയപ്പെട്ടു എന്നതിനാലും കുറ്റാരോപിതരിൽ നിന്നും സർക്കാർ നഷ്ടമായ 10,000/- രൂപ ഈടാക്കുന്നതിനും ഓരോ ജീവനക്കാരുടെയും ഒരു വാർഷിക ശമ്പള വർദ്ധനവ് ഒരു കൊല്ലത്തേയ്ക്ക് സഞ്ചിത ഫലപ്രാബല്യമില്ലാതെ തടയുന്നതിനും തീരുമാനിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകി.

3) ടി കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.എ.പി.തങ്കച്ചൻ, ശ്രീ.പി.വിജയകുമാർ എന്നിവർ സമാധാനം ബോധിപ്പിക്കുകയും ശ്രീ.എ.വി.മജീദ് യാതൊരു സമാധാനവും

ബോധിപ്പിച്ചിട്ടില്ലാത്തതുമാണ്. കുറ്റാരോപിതർ സമർപ്പിച്ച വിശദീകരണം ടിയാന്മാർക്കെതിരെ ചുമത്തിയിട്ടുള്ള കുറ്റങ്ങളിൽ നിന്നും ഒഴിവാക്കുന്നതിന് തൃപ്തികരമല്ലാത്തതിനാൽ സർക്കാർ നഷ്ടമായ 10,000/- രൂപയുടെ ആനുപാതിക നഷ്ടമായ 3,333/- രൂപ വീതം സർവ്വശ്രീ.എ.പി.തങ്കച്ചൻ, പി.വിജയകുമാർ എന്നിവരിൽ നിന്നും ഈടാക്കുന്നതിനും ടിയാന്മാരുടെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ തടയുന്നതിനും ശ്രീ.എ.വി.മജീദിന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ആനുപാതിക നഷ്ടമായ 3,333/- രൂപ ഈടാക്കുന്നതിനും തീരുമാനിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായി.

4) ടി ഉത്തരവിനെതിരെ സർവ്വശ്രീ.എ.പി.തങ്കച്ചൻ, പി.വിജയകുമാർ എന്നിവർ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. അപ്പീൽ പരിശോധിച്ചതിൽ ടിയാന്മാർ കേസന്വേഷിച്ചതിൽ സഹകരിച്ചില്ല എന്ന ഫോറസ്റ്ററുടെ വാദം അടിസ്ഥാനരഹിതമാണെന്ന് കണക്കാക്കിയെങ്കിലും ഒ.ആർ.81/04 ഉൾപ്പെട്ട തൊണ്ടിത്തടികൾ വീണ്ടെടുക്കുന്നതിനോ അപ്രകാരം സർക്കാർ നഷ്ടം ഇല്ലാതാക്കുന്നതിനോ ജീവനക്കാർക്ക് സാധിക്കാത്തത് അവരുടെ ഭാഗത്തു നിന്നുമുള്ള വീഴ്ചയായി കണ്ടെത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഒ.ആർ.81/04 കേസിൽ ഉണ്ടായ സർക്കാർ നഷ്ടം ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കുവാനുള്ള മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഉത്തരവിലെ നടപടി ശരിവച്ചുകൊണ്ടും കുറ്റാരോപിതരായ ജീവനക്കാരുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ടുള്ള നടപടി റദ്ദ് ചെയ്തുകൊണ്ടും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (2) പ്രകാരം അപ്പീൽ തീർപ്പാക്കി.

5) പ്രസ്തുത ഉത്തരവിനെതിരെ ശ്രീ.എ.പി.തങ്കച്ചൻ പരാമർശം (3) പ്രകാരം സർക്കാരിൽ റിവ്യൂ ഹർജി സമർപ്പിക്കുകയുണ്ടായി. അപ്പീൽ അപേക്ഷയിന്മേൽ നേരിൽ കേൾക്കാനുള്ള അവസരം നിഷേധിച്ചുവെന്നും ഇതേ കേസിൽ സർവ്വശ്രീ.വി.സജികുമാർ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, എ.എം.മുഹമ്മദ് ഷാഫി, ഡെപ്യൂട്ടി റെയിഞ്ചർ എന്നിവർക്ക് സർക്കാർ തലത്തിൽ 07.08.2015 ലെ 2269/എ 1/2014/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടെന്നും ടിയാൻ അറിയിച്ചു. ടി റിവ്യൂ ഹർജിയിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (4) പ്രകാരം അഭിപ്രായം അറിയിച്ചു.

6) റിവ്യൂ ഹർജിയിന്മേൽ അപേക്ഷകനെ 18.8.2016 ൽ നേരിൽ കേൾക്കുകയുണ്ടായി.

7) 10.10.2004 ന് പാലാർ ചെക്ക് പോസ്റ്റിൽ കൂടി മറയൂർ റെയിഞ്ചിലെ നഷ്ടപ്പെട്ട പാസ് പ്രകാരം തടി പാസ് പരിശോധിച്ച് കടത്തി വിട്ടത് എസ്.വി.മേരിയെന്ന വനിതാ ഗാർഡാണ് എന്നും പിറ്റേദിവസം തന്നെ ഷോല വനത്തിൽ നിന്നും യൂക്കാലി മരങ്ങൾ നഷ്ടപ്പെട്ട വിവരം ടിയാൾ അറിഞ്ഞിരുന്നു എന്നും, 08.10.2004 ന് മറയൂർ റെയിഞ്ചിലെ 1811/04-ാം നമ്പർ പെർമിറ്റ് നഷ്ടപ്പെട്ട വിവരം മറയൂർ റെയിഞ്ചാഫീസറെ അറിയിച്ചിരുന്നു എന്നും ഇത് ദുർവിനിയോഗം ചെയ്യാൻ സാധ്യതയുണ്ടെന്ന് മറയൂർ റെയിഞ്ചാഫീസർ ദേവികുളം റെയിഞ്ചാഫീസർക്കും കാന്തല്ലൂർ ഡെപ്യൂട്ടി റെയിഞ്ചർക്കും മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കും അടിയന്തിരമായി റിപ്പോർട്ട് നൽകിയതായും ശ്രീ.എ.പി.തങ്കച്ചൻ വ്യക്തമാക്കുകയുണ്ടായി.

8) മറയൂർ റെയിഞ്ചിൽ ധാരാളം വയർലസ്, വാഹന സൗകര്യം ഉണ്ടായിരുന്നതിനാൽ 8 ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ 10-ാം തീയതി തന്നെ തടിയും, വാഹനവും പ്രതികളെയും പിടികൂടാമായിരുന്നു എന്നും ടി കേസ് സംബന്ധിച്ച് ദേവികുളം റെയിഞ്ചിൽ ജോലി ചെയ്തിരുന്ന റെയിഞ്ചാഫീസർമാർ മേലുദ്യോഗസ്ഥരുടെ നിർദ്ദേശത്തെ തുടർന്ന് നടത്തിയ വിവിധ അന്വേഷണത്തിലും, ഫോറസ്റ്ററും അന്നത്തെ റെയിഞ്ചാഫീസറുമാണ് ടി കേസിൽ വീഴ്ച വരുത്തിയതെന്ന് പറഞ്ഞിട്ടുണ്ട് എന്നും ടിയാൻ തീർത്തും നിരപരാധി ആയതിനാൽ സർക്കാർ നഷ്ടത്തിൽ നിന്നൊഴിവാക്കി സസ്പെൻഷൻ കാലം ഡ്യൂട്ടിയായി പരിഗണിക്കണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി.

9) ശ്രീ.എ.പി.തങ്കച്ചൻ, അപ്പീൽ ഹർജിയിൽ പരാമർശിക്കുന്ന 2269/എ 1/2014/വനം നമ്പർ ഫയൽ പരിശോധിച്ചതിൽ ഇതേ കേസിൽ സർക്കാർ തലത്തിൽ ശ്രീ.വി.സജികുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.എം.എം.മുഹമ്മദ് ഷാഫി, ഡെപ്യൂട്ടി റെയിഞ്ചർ (റിട്ട) എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ടിയാന്മാർക്ക് 3169/എ 1/2011/വനം പ്രകാരം സർക്കാർ തലത്തിൽ കുറ്റപത്രം/കുറ്റാരോപണ പത്രിക എന്നിവ നൽകുകയും ചെയ്തിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിന്റെയും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ശുപാർശയും അടിസ്ഥാനത്തിൽ സർക്കാർ നഷ്ടമായ 10,000/- രൂപയിൽ ശ്രീ.വി.സജികുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിൽ നിന്നും 5,000/- രൂപ ഈടാക്കുവാനും കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 5 (എ) പ്രകാരം ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടയുന്നതിനും സർവ്വീസിൽ നിന്നും വിരമിച്ച ഡെപ്യൂട്ടി റെയിഞ്ചർ ശ്രീ.എം.എം.മുഹമ്മദ് ഷാഫിയുടെ ഡി.സി.ആർ.ജിയിൽ നിന്നും 5,000/- രൂപ ഈടാക്കാനും ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ (മുന്നൂറു രൂപ മാത്രം) വീതം രണ്ട് വർഷത്തേയ്ക്ക് കെ.എസ്.ആർ.ഭാഗം III ലെ ചട്ടം 3 പ്രകാരം കുറവു ചെയ്യാനും തീരുമാനിച്ച് പരാമർശം (5) പ്രകാരം ഉത്തരവാകുകയുണ്ടായി.

10) ദേവികുളം റെയിഞ്ചിൽ യൂക്കാലിപ്റ്റസ് മരങ്ങൾ മുറിച്ചതിലുള്ള ഒ.ആർ.81/04 നമ്പർ കേസുമായി ബന്ധപ്പെട്ട അച്ചടക്ക നടപടിയിൽ ആകെ നഷ്ടമായ 10,000/- രൂപ സർവ്വശ്രീ.എ.വി.മജീദ്, എ.പി.തങ്കച്ചൻ, പി.വിജയകുമാർ എന്നിവരിൽ നിന്നും ഈടാക്കാനാണ് മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഉത്തരവായത്. എന്നാൽ ഇതേ വിഷയത്തിൽ ഔപചാരികാന്വേഷണം നടത്തി, സർവ്വശ്രീ.വി.സജികുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, എം.എം.മുഹമ്മദ് ഷാഫി, ഡെപ്യൂട്ടി റെയിഞ്ചർ (റിട്ട) എന്നിവരിൽ നിന്നും 10,000/- രൂപയുടെ നഷ്ടം ഈടാക്കാനും യഥാക്രമം വാർഷിക വേതന വർദ്ധനവ് സഞ്ചിത പ്രാബല്യത്തോടെ തടയുക, പെൻഷനിൽ കുറവ് വരുത്തുക എന്നീ ശിക്ഷാ നടപടികൾ സ്വീകരിക്കാനും സർക്കാർ ഉത്തരവായിട്ടുണ്ട്.

11) ഔപചാരികാന്വേഷണം നടത്തിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർന്നു വരുന്ന അച്ചടക്ക നടപടിയിൽ കുറ്റക്കാരെ കണ്ടെത്തിയ സാഹചര്യത്തിൽ അതേ വിഷയത്തിൽ മറ്റ് ഉദ്യോഗസ്ഥരിൽ നിന്നും ആനുപാതിക നഷ്ടം ഈടാക്കുന്നത് നീതിയുക്തമല്ല. അതിനാൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും.

നിയന്ത്രണവും അപ്പീലും) ചട്ടം 35 പ്രകാരം ശ്രീ.എ.പി.തങ്കച്ചൻ ബീറ്റ് ഫോറസ്റ്റ് ഓഫീസർ (റിട്ട) സമർപ്പിച്ച റിവ്യൂ ഹർജി പരിഗണിച്ചു കൊണ്ട്, ടിയാന് ശിക്ഷണ നടപടി നൽകിയ മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് ശ്രീ.എ.പി.തങ്കച്ചൻ സമർപ്പിച്ച റിവ്യൂ ഹർജി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

12) സർവ്വശ്രീ.എ.പി.തങ്കച്ചൻ, എ.വി.മജീദ്, പി.വിജയകുമാർ എന്നിവരിൽ നിന്നും സർക്കാർ നഷ്ടം ഈടാക്കിയിട്ടുണ്ടെങ്കിൽ തിരികെ നൽകുന്നതിനും ടിയാന്മാരുടെ സസ്പെൻഷൻ കാലം ഡ്യൂട്ടിയായി പരിഗണിക്കുന്നതിനും വേണ്ട നടപടി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) തലത്തിൽ കൈക്കൊള്ളേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
അനിൽകുമാർ ജി
അഡീഷണൽ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)
ശ്രീ.എ.പി.തങ്കച്ചൻ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ (റിട്ട)
ശ്രീ.എ.വി.മജീദ്, ഫോറസ്റ്റ് ഗാർഡ് (റിട്ട)
ശ്രീ.പി.വിജയകുമാർ, ഫോറസ്റ്റ് ഗാർഡ് (റിട്ട)
(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ